**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **30-06-2022 - ൽ മറുപടിയ്ക്ക്**

**എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ കണക്ക് ജില്ല തിരിച്ച് സീറ്റുകളുടെ എണ്ണം ഉൾപ്പെടെ വ്യക്തമാക്കാമോ; | (എ) | എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം ജില്ല തിരിച്ച് സീറ്റുകളുടെ എണ്ണം ഉൾപ്പെടെ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രീമെട്രിക് ഹോസ്റ്റലുകളിലേക്ക് അഡ്മിഷൻ ലഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ; | (ബി) | പ്രീമെട്രിക് ഹോസ്റ്റലുകളിലേക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി ജാതി, വരുമാനം സ്കൂൾ വാർഷിക പരീക്ഷയുടെ ഗ്രേഡ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ/ പട്ടികജാതി വികസന ഓഫീസർ/ പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ/ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നീ ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ അർഹതമാനദണ്ഡങ്ങൾ പരിശോധിച്ച് സീനിയോറിറ്റി അനുസരിച്ച് മെരിറ്റിന്റെ/ഒഴിവിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നൽകി വരുന്നു. |
| (സി) | ഇതര വിഭാഗങ്ങൾക്ക് പ്രീമെട്രിക് ഹോസ്റ്റലുകളിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | (സി) | പ്രീമെട്രിക് ഹോസ്റ്റലുകളിൽ അനുവദനീയമായ അന്തേവാസികളുടെ എണ്ണത്തിന്റെ 10% സംവരണം ഇതര വിഭാഗങ്ങൾക്ക് നൽകുന്നതാണ്. |
| (ഡി) | പ്രീമെട്രിക് ഹോസ്റ്റലുകളിൽ അഡ്മിഷൻ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | പ്രീമെട്രിക് ഹോസ്റ്റലുകളിൽ അഡ്മിഷൻ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ